പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1331** | **15-10-2026-ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വേ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. കല്ലട്ര മാഹിൻ

ശ്രീമതി ഫാത്തിമ തഹിലിയ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വേ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് ആകെ 1,550 വില്ലേജുകളിൽ ഡിജിറ്റൽ സർവെ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 839 വില്ലേജുകളിൽ ഡിജിറ്റൽ സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിൽ 266 വില്ലേജുകളിൽ സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള അന്തിമ വിജ്ഞാപന നടപടികളും 120 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള കരട് വിജ്ഞാപന നടപടികളും പൂർത്തികരിച്ചിട്ടുണ്ട്. കൂടാതെ, 214 വില്ലേജുകളിൽ ഫീൽഡ് സർവെ നടപടികൾ ആരംഭിച്ചിട്ടുള്ളതും, 239 വില്ലേജുകളിൽ പ്രാഥമികസർവെ നടപടികളും നടന്നുവരുന്നു.

Continuously Operating Reference Stations(CORS), Real Time Kinematic (RTK), Robotic Electronic Total Station (R-ETS), Geographic Information System (GIS) തുടങ്ങിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഡിജിറ്റൽ സർവെ നടപ്പിലാക്കുന്നത്. സർവെ വിവരങ്ങളുടെ കൃത്യതയും സുതാര്യതയും ഉറപ്പാക്കുന്നതിനും പൗരന്മാർക്ക് അവരുടെ ഭൂമിയുടെ വിവരങ്ങൾ പരിശോധിക്കുന്നതിനും അനുബന്ധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി 'എന്റെ ഭൂമി' (Ente Bhoomi) പോർട്ടലും സജ്ജമാക്കിയിട്ടുണ്ട്.

**(ബി)** ഡിജിറ്റൽ സർവ്വേയിൽ വ്യാപകമായി തെറ്റുകൾ കടന്നുകൂടിയതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും വകുപ്പ് ഗൗരവപൂർവം പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയ 266 വില്ലേജുകളിലായി ഏകദേശം 33.8 ലക്ഷം പാർസലുകളാണുള്ളത്. ഈ വില്ലേജുകളുമായി ബന്ധപ്പെട്ട് ഇതുവരെ ഏകദേശം 1.84 ലക്ഷം (5.4%) പരാതികൾ ലഭിച്ചിട്ടുണ്ട്.

ലഭിച്ച പരാതികളിൽ 1,05,957 എണ്ണം ഇതിനകം പരിഹരിച്ചിട്ടുണ്ട്. 1,26,161 ഫയലുകളിൽ സർവെ നടപടികൾ പൂർത്തികരിച്ചിട്ടുമുണ്ട്. ശേഷിക്കുന്ന പരാതികൾ ബന്ധപ്പെട്ട രേഖകളും സ്ഥലത്തെ

വസ്തുതകളും പരിശോധിച്ച് അർഹമായ കേസുകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രം ഡിജിറ്റൽ സർവെയിൽ വ്യാപകമായി തെറ്റുകൾ സംഭവിച്ചിട്ടുണ്ടെന്ന് പൊതുവായി നിഗമനം ചെയ്യാനാവില്ല. അതേസമയം, പരാതികളിൽ ഉന്നയിക്കപ്പെടുന്ന ഓരോ വിഷയവും ബന്ധപ്പെട്ട രേഖകളുടെയും ആവശ്യമായ സാങ്കേതിക പരിശോധനയുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹമായ കേസുകളിൽ പരിഹരിക്കേണ്ടതുണ്ടെന്ന സമീപനമാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്.

മുൻകാലങ്ങളിൽ പരമ്പരാഗത മാനുവൽ രീതിയിൽ റീസർവെ നടപടികൾ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലും വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പിന്നീട് പരാതികൾ ലഭിച്ചിട്ടുള്ളതാണ്. അതുപോലെ, ഡിജിറ്റൽ സർവ രേഖകൾ പ്രസിദ്ധീകരിച്ചതിനുശേഷം ലഭിക്കുന്ന പരാതികളും പരിശോധിച്ച് അർഹമായ കേസുകളിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. സർവെ രേഖകളുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനാണ് ഈ നടപടികൾ ലക്ഷ്യമിടുന്നത്.

പരാതി പരിഹാര നടപടികൾ കൂടുതൽ വേഗതത്തിലാക്കുന്നതിനായി സംസ്ഥാനത്താകമാനം പരിശീലനം ലഭിച്ച 568 വകുപ്പ് സർവെയർമാരെ നിയോഗിച്ചിട്ടുണ്ട്. ഇവർ മുഖേന ലഭിക്കുന്ന പരാതികളിൽ ആവശ്യമായ സ്ഥലപരിശോധനയും സാങ്കേതിക പരിശോധനയും നടത്തി അർഹമായ കേസുകളിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

**(സി)** ആധാരത്തിലും ഭൂനികുതി രസീതിലും സർവ്വേ നമ്പരുകൾ,അഡ്രസ്സുകൾ എന്നിവ വ്യത്യസ്തമായി രേഖപ്പെടുത്തിയതായ പരാതികൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** വിവിധ കാലഘട്ടങ്ങളിൽ തയ്യാറാക്കിയ ആധാരങ്ങൾ, ഭൂനികുതി രേഖകൾ, പഴയ സർവെ രേഖകൾ, റീസർവെ രേഖകൾ എന്നിവയിൽ സർവെ നമ്പർ, സബ് ഡിവിഷൻ നമ്പർ, ഭൂമിയുടെ വിസ്തീർണ്ണം, ഉടമസ്ഥാവകാശ സംബന്ധമായ വിവരങ്ങൾ, വിലാസം തുടങ്ങിയവയിൽ വ്യത്യാസങ്ങൾ ഉണ്ടാകാനുള്ള സാഹചര്യമുണ്ട്. ഇത്തരം വ്യത്യാസങ്ങൾ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുള്ളതാണ്.

ഡിജിറ്റൽ സർവെ നടപടികൾ നിലവിലുള്ള ആധാരങ്ങൾ, ഭൂനികുതി രേഖകൾ, മറ്റ് ലഭ്യമായ റവന്യൂ രേഖകൾ എന്നിവ പരിശോധിച്ചും സ്ഥലപരിശോധനയും ആവശ്യമായ സാങ്കേതിക പരിശോധനയും നടത്തിയും വിവരങ്ങൾ പരമാവധി സ്ഥിരീകരിച്ചുമാണ് നടപ്പിലാക്കുന്നത്. വിവിധ രേഖകളിലെ വിവരങ്ങൾ തമ്മിൽ പൊരുത്തക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട രേഖകളും സ്ഥലത്തെ വസ്തുതകളും പരിശോധിച്ച് വിഷയത്തിന്റെ സ്വഭാവമനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഇത്തരം പരാതികൾ പരിഹരിക്കുന്നതിനായി 'എന്റെ ഭൂമി' (Ente Bhoomi) പോർട്ടലിലെ Land Record Maintenance (LRM) സംവിധാനം മുഖേന പൊതുജനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട രേഖകളും മറ്റ് വിവരങ്ങളും പരിശോധിച്ച്, സർവെ സംബന്ധമായ സാങ്കേതിക പരിശോധന ആവശ്യമായ കേസുകളിൽ ബന്ധപ്പെട്ട സർവെ ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്കുശേഷം, അർഹമായ കേസുകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** തെറ്റായി രേഖപ്പെടുത്തിയ വിവരങ്ങൾ തിരുത്തി വില്ലേജ് ഓഫീസുകളിൽനിന്നു തന്നെ അവ പരിഹരിച്ചു നൽകുന്നതിന് നിർദ്ദേശം നൽകുമോ; അറിയിക്കാമോ?

**<u>മറുപടി:</u>** 'എന്റെ ഭൂമി' (Ente Bhoomi) പോർട്ടലിലെ LRM മൊഡ്യൂൾ മുഖേന ഭൂവിവരങ്ങളിലെ അപാകതകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ഓൺലൈനയി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിന്റെ ഭാഗമായി വില്ലേജ് ഓഫീസർമാർക്ക് കൈകാര്യം ചെയ്യാവുന്ന പേര് മാറ്റം സംബന്ധമായ പരാതികൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് വില്ലേജ് തലത്തിൽത്തന്നെ പരിഹരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഓൺലൈനായി ലഭിക്കുന്ന പരാതികളിൽ വില്ലേജ് ഓഫീസർക്ക് നടപടി സ്വീകരിക്കുന്നതിനായി പോർട്ടലിൽ സംവിധാനം ഒരുക്കിയിട്ടുള്ളതും ചെറിയ അക്ഷരതെറ്റുകൾക്ക് അപേക്ഷയില്ലാതെ തന്നെ ഭൂ ഉടമയുടെ ഒ ടി പി നൽകി വില്ലേജ് ഓഫീസിൽ നിന്നും ഉടൻ തന്നെ തിരുത്തി നൽകി വരുന്നു. കോറിലേഷനിൽ വന്നിട്ടുള്ള തിരുത്തുകൾക്ക് മാത്രമാണ് നിലവിൽ കാലതാമസം നേരിടുന്നത്.

എന്നാൽ, സർവെ നമ്പർ, സബ് ഡിവിഷൻ, ഭൂമിയുടെ അതിർത്തി, വിസ്തീർണ്ണം, സ്കെച്ച്, ഭൂമിയുടെ സ്ഥാനം തുടങ്ങിയവയുമായി ബന്ധപ്പെട്ട സാങ്കേതിക പരിശോധന ആവശ്യമായ വിഷയങ്ങളിൽ ബന്ധപ്പെട്ട സർവെ ഉദ്യോഗസ്ഥരുടെ പരിശോധനയും റിപ്പോർട്ടും ആവശ്യമാണ്. അത്തരം പരാതികൾ വിഷയത്തിന്റെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട അധികാരികൾ മുഖേന പരിശോധിച്ച് നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

**സെക്ഷൻ ഓഫീസർ**